**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ വകുപ്പിന്റെ കീഴിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | ഭാവിയിലെ മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് ഒരു ഗ്രാഫീൻ ഇക്കോസിസ്റ്റം സ്ഥാപിക്കുന്നതാണെന്ന് 2022-23 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. നിർദിഷ്ട ഗ്രാഫീൻ ഇക്കോസിസ്റ്റത്തിലെ പ്രധാന ഘടകങ്ങളിൽ ഒന്നാണ് ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐ.ഐ.സി.ജി).<br><br>ഭാവിയുടെ പദാർത്ഥമായി മാറുന്ന ഗ്രാഫീന്റെ ഉൽപ്പാദനത്തിനും വികസനത്തിനുമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും കേന്ദ്ര സർക്കാർ സ്ഥാപനമായ C-MET ന്റെയും നേതൃത്വത്തിൽ എറണാകുളത്ത് സ്ഥാപിക്കുന്ന IICG-യുടെ പ്രധാന വ്യവസായ പങ്കാളി M/s TATA STEEL ആണ്. 86.41 കോടി രൂപ ചെലവ് വരുന്ന പ്രസ്തുത കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതിയുടെ സംസ്ഥാന വിഹിതമായ 25.75 കോടി രൂപയിൽ, നടപ്പ് സാമ്പത്തിക വർഷം 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി കളമശ്ശേരിയിൽ ഇന്നവേഷൻ സോണിലെ ഡിജിറ്റൽ ഹബ്ബിൽ IICG ഓഫീസ്, ലാബ്, ക്ലീൻ റൂമുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അടുത്ത സാമ്പത്തിക വർഷം പദ്ധതി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ